[Rao Bahadur T. K. Nayar]
റായിട്ടാണ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറിനെ വെക്കണമെന്നു പറയുവാനിടയായിട്ടുള്ളതു്.

Mr. S. P. Luiz *(Nominated):* May I know, Sir, the extent of the amount involved in the discrepancies during the last 4 or 5 years?

Rao Bahadur T. K. Nayar *(Prime Minister):* The amount has not been assessed. But I think that is not necessary. If actually it has to be assessed it will be assessed in the routine course. If we find that there are discrepancies which could have been avoided by proper check we can immediately take action.

Mr. S. P. Luiz *(Nominated):* The question is that during the last 4 or 5 years in which discrepancies were noticed in the Medical Department, we would like to know what is the amount and what is the way in which the department proposes to realise the same?

Rao Bahadur T. K. Nayar *(Prime Minister):* I am afraid the Hon'ble Member has misunderstood the position. I did not say that for the past 4 or 5 years there were discrepancies there. I only said that for the past 4 or 5 years there was absolutely no proper check.

മിസ്റ്റർ പി. കെ. ഡീവർ: ഈ കാരണം മെഡിക്കലാപ്പീസ്സറെ വെക്കുകയാണെങ്കിലും പറയുകയില്ലേ?

റാവുബഹദൂർ ടി. കെ. നായർ: ഗവൺമെണ്ടു തീരുമാനിച്ചാൽ, യാതൊരു തടസവും ഉണ്ടാവുകയില്ല. അല്ലെങ്കിൽ തടസമുണ്ടാകും.

SHORT NOTICE QUESTION NO. 2

Mr. M. K. Raja *(Mulakunnathukavu):* Will Government be pleased to state.—

(*a*) what is the estimated extent of damage caused or expected to be caused to this year's 'Mundakan' crop in the State;

(*b*) what measures have the Government adopted to prevent damage to crops;

(*c*) what relief is proposed to be given to the tenants and cultivators whose crops have been affected by the draught?

Mr. Parambi Lonappen *(Minister for Revenue):*

(*a*) No estimate can be formed until the harvest is completed.

(*b*) Government have taken steps to irrigate lands by pumping in water into paddy fields from the available sources of water supply, deepening canals and constructing bunds across canals and running streams to store water and have appealed to all for co-operation in their efforts.

(*c*) The question will be considered in proper time.

മിസ്റ്റർ എം. കെ. രാജ: സർ, തലപ്പിള്ളി, മുകുന്ദപുരം, കൊച്ചികണയന്തൂർ, തൃശ്ശിവപേരൂർ എന്നീ താലൂക്കുകളിലുള്ള മുണ്ടകൃഷിക്കു വിപുലമായ തോതിൽ നാശം സംഭവിച്ചിട്ടുള്ളതായി ഗവൺമെണ്ടിനറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇതിനെ സംബന്ധിച്ചു കുറെ ഹർജികളൊക്കെ വന്നിട്ടുണ്ടു്. അങ്ങിനെയുള്ള ചില സ്ഥലങ്ങളിൽ ഞാൻ തന്നെ പോയി നോക്കിയിട്ടുണ്ടു്.

മിസ്റ്റർ എം. കെ. രാജ: ഇത്ര വിപുലമായ കൃഷിനാശത്തെ പരിഗണിച്ചു കഷ്ടപ്പെടുന്ന കൃഷിക്കാർക്കു വല്ല പൊതിയും നൽകുന്നതിനെപ്പറ്റി ഗവൺമെണ്ടു് ആലോചിക്കുന്നുണ്ടോ?

Mr. Parambi Lonappen *(Minister for Revenue):* I have issued orders to the Diwan Peishkar to make an investigation in the matter and give me a report about it by making local investigations made by him or through officers subordinate to him. It is not possible for one individual to go and survey the whole thing. I think I will get a reply soon.

മിസ്റ്റർ എം. കെ. രാജ: കൃഷിക്കു നാശം സംഭവിച്ചിട്ടുണ്ടെന്നു സമ്മതിക്കുകയാണെങ്കിൽ കൃഷിക്കാർക്കു പാട്ടത്തിലും നികുതിയിലും വല്ലതും ഇളവുചെയ്യുന്നതിനെപ്പറ്റി ഗവൺമെണ്ടിനു് ഇപ്പോൾതന്നെ ആലോചിച്ചുകൂടെന്താണു വിരോധം?

മിസ്റ്റർ പറമ്പിലോനപ്പൻ: നികുതിയും പാട്ടവുമൊക്കെ കുറക്കുന്നതിനെ സംബന്ധിച്ചു റിപ്പോർട്ടു കിട്ടിയതിനു ശേഷമല്ലാതെ ഇപ്പോൾ നിശ്ചയിപ്പാൻ നിവൃത്തിയില്ല.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: ഈ കൊല്ലത്തിൽ ഉണ്ടായിട്ടുള്ള കൃഷിയെ പുനരുദ്ധരിപ്പാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ഇനിയത്തെ കൊല്ലവും ഇതുപോലെ മഴയില്ലാതെവന്നാൽ അതിനുള്ള മുൻകൂട്ടി കണ്ടുപിടിച്ചു പ്രവർത്തിക്കുവാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പിലോനപ്പൻ: അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൃഷിക്കു പിഴവു വന്നാൽ കടിയാന്മാക്കു പാട്ടം സമയത്തിനു കൊടുപ്പാൻ സാധിക്കുകയില്ലെന്നുള്ളതുകൊണ്ടു വെവസ്വാട്ടക്കുടിയാന്റെ സ്ഥിരാവകാശത്തിനു ന്യൂനത തട്ടിയേക്കാൻ ഇടയുണ്ടെന്നു ഗവൺമെണ്ടിന്നറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: ഇപ്പോഴത്തെ കൃഷിയുടെ വിളവു നിശ്ചയിക്കുന്നതു മകരമാസത്തിലാണ്. അതുകൊണ്ടു് ആ സന്ദർഭത്തിൽ ഇതിനെപ്പറ്റി അടിയന്തിരനടപടികളെടുപ്പാൻ ആലോചിക്കുന്നുണ്ടു്.

മിസ്റ്റർ കെ. ടി. അച്യുതൻ: മകരപ്പാട്ടം കൊടുക്കേണ്ടതു് ഏതവസരത്തിലാണെന്നുള്ളതറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: മകരം മു ൦-ാംനു-ക്കു ശേഷമാണെന്നാണു് തോന്നുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൃഷിനാശം വന്നിട്ടുള്ള സ്ഥലങ്ങൾ കൊയ്ത്തു കഴിഞ്ഞതിന്നുശേഷമല്ലാതെ അതിന്റെ കണക്കു പറയുവാൻ സാധിക്കുകയില്ലേ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെയുള്ള അർത്ഥത്തിലല്ല ഞാൻ പറഞ്ഞതു്. അതിന്റെ കണക്കു തല്ക്കാലം പറയുവാൻ സാധ്യമല്ല. അതു് കൃഷിയെപ്പറ്റി പരിചയമുള്ളവർക്കൊക്കെ അറിയാം. ഉണക്കംപറ്റി എന്നുള്ളതുകൊണ്ടു പത്തുമേനി വിളയുന്ന സ്ഥലത്തു് അഞ്ചുമേനിയേ വിളഞ്ഞുള്ളുവെന്നു വരാം. ചില സ്ഥലങ്ങളിൽ അതിലും മോശമായിട്ടും വന്നേക്കാം. അതുകൊണ്ടു കൊയ്ത്തിന്നുമുമ്പു് അതിന്റെ ഒരു കണക്കുണ്ടാക്കുവാൻ സാധ്യമല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: വിളവുകഴിഞ്ഞാൽ അതു് എത്ര തോതനുസരിച്ചാണു കണക്കാക്കുന്നതു്?.

റാവുബഹദൂർ ടി. കെ. നായർ: വില്ലേജുദ്യോഗസ്ഥന്മാക്കു കല്പന കൊടുത്താൽ അവരുടെ ഫക്കയിലുള്ള കൃഷിസ്ഥലങ്ങളിൽ പോയി അന്വേഷിച്ചു് എത്രയുണ്ടായിരുന്നുള്ള കണക്കെടുത്തു് അവർ റിപ്പോർട്ടുചെയ്യും. അതു കറക്ടു് ആയിരിക്കുമെന്നു വിചാരിക്കുവാൻ സാധ്യമല്ല. അതിന്നുംപുറമെ ഗ്രേയിൻ പർച്ചേയിസിംഗു് ഉദ്യോഗസ്ഥന്മാരുണ്ടു്. അവരെല്ലാവരുംകൂടി അന്വേഷിച്ചു് ഏതാണ്ടു കൃത്യമായ വിധത്തിൽ റിപ്പോർട്ടുചെയ്യും.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: കൊയ്തു മെതിച്ചുകഴിഞ്ഞതിന്നുശേഷമാണോ ഈ കണക്കെടുക്കുവാൻ പോകുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: ഈ തവണ അതു് ആലോചിക്കേണ്ടതായ ആവശ്യമില്ല. ഈ തവണ കിട്ടുന്ന നെല്ലു മുഴുവനും സപ്ലൈഡിപ്പാർട്ടുമെണ്ടിലേക്കു പോകുകയാണെങ്കിൽ എത്ര നെല്ലു കിട്ടിയെന്നുള്ളതു് അറിയുവാൻ സാധിക്കും.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഈ തവണ കൃഷിക്കാരുടെ അടുക്കൽ നിന്നും എല്ലാ നെല്ലും എടുക്കുവാനുദ്ദേശിക്കുന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അവക്കു് അലവൻസ്സായിട്ടു വെച്ചതു കഴിച്ചു് എത്ര തരാൻ സാധിക്കുമോ അത്രയും നെല്ലു് എടുക്കും.

മിസ്റ്റർ കെ. ഐ. വേലായുധൻ: വെള്ളം അധികരിച്ചുള്ള സ്ഥലങ്ങളിൽനിന്നു പമ്പുചെയ്തു തരികയാണെങ്കിൽ രണ്ടായിരം ഏക്കർ സ്ഥലത്തുള്ള കൃഷി നനയ്ക്കുവാൻ സാധിക്കുന്നതാണെന്നു കാണിച്ചു് ഒരു മാസ്സുപെറ്റീഷൻ കൊടുത്തിട്ടും പമ്പുവെച്ചു കൊടുക്കാതിരുന്നിട്ടുള്ളതിനെപ്പറ്റി അറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: എല്ലാ സ്ഥലങ്ങളിലും പമ്പുവെച്ചുകൊടുക്കുവാൻ സാധിച്ചിട്ടില്ല എന്നുള്ള കാര്യം ഗവൺമെണ്ടിന്നു സമ്മതിക്കാം. കിട്ടാവുന്നിടത്തോളം പമ്പു് കമാണ്ടിയർ ചെയ്ത രക്ഷകിട്ടാവുന്നിടത്തോളം സ്ഥലങ്ങളിൽ ഫിറ്റുചെയ്തിട്ടുണ്ടു്. അങ്ങിനെയുള്ള സ്ഥലങ്ങളിൽ ആവശ്യംപോലെ കഴിയുന്ന സഹായങ്ങളും ചെയ്യുവാൻ സാധിച്ചിട്ടുണ്ടു്. കൊച്ചിരാജ്യത്തിലാകമാനം ഇതുപോലെ ഉണക്കം സംഭവിക്കുമെന്നു വിചാരിച്ചു കാലേക്കൂട്ടി പമ്പുകളും കരുതീട്ടില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: വളരെ അധികം സ്ഥലങ്ങളിൽ ഉണക്കം സംഭവിച്ചിട്ടു്. അവർ വേണ്ട പരിരക്ഷചെയ്തതരണമെന്നപേക്ഷിച്ചു അവസരത്തിൽ അവരെ തീരെ നിരാകരിച്ചിട്ടുള്ളതായി ഗവൺമെണ്ടിന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ ചെയ്തതായിട്ട് ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: മാസ്സുപൊറീക്ഷനെപ്പറ്റി നോക്കിയാൽ അറിഞ്ഞേ കൂടെ?

റാവുബഹദൂർ ടി. കെ. നായർ: കുറച്ചു സ്ഥലങ്ങളിലുള്ള കൃഷികൾക്കെങ്ങാനും വെള്ളം കൊടുക്കേണ്ട കാര്യത്തിൽ നിരാകരിച്ചിട്ടുണ്ടോയെന്നുള്ളതിനെപ്പറ്റി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഇതിൽ പറഞ്ഞിരിക്കുന്ന പോദ്യത്തിനു മറുപടിയായി "and have appealed to all for their co-operation in their efforts" എന്നു പറഞ്ഞിട്ടുണ്ട്. അങ്ങിനെ co-operation ഇല്ലാതെ നില്ക്കുമെന്ന് ഏതെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നിശ്ചയിച്ചിട്ടില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: വിദ്യാഭ്യാസമന്ത്രി നടത്തിയ ഒരു പ്രസ്താവനയിൽ കോൺഫ്രൻസ്സിൽവെച്ചു യാതൊരു കക്ഷികളുടേയും, പത്രങ്ങളുടേയും സഹകരണം ഈ കാര്യത്തിൽ ലഭിക്കുകയുണ്ടായിട്ടില്ലായെന്ന് പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതു വാസ്തവമാണ്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഏതെങ്കിലും ഒരു സംഘടനയിൽനിന്നും യാതൊരുവിധത്തിലുള്ള സഹകരണവും കിട്ടീട്ടില്ലെന്നാണോ പറയുന്നത്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: സല്ലുമായിട്ടെന്തെങ്കിലും കിട്ടീട്ടുണ്ടെന്നുള്ളതല്ലാതെ അതൊരു കാര്യമായിട്ടു പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: വെള്ളം ഉണ്ടാക്കിതരാൻ വേണ്ടി പമ്പുവെച്ചു തരണമെന്നുള്ള അപേക്ഷകളുമായി ഏതെങ്കിലും സംഘടനകളുടെ പ്രതിനിധികൾ വിദ്യാഭ്യാസ മന്ത്രിയെ സമീപിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഉണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: പമ്പുവെച്ചുകിട്ടണം, വെള്ളം കിട്ടണം, അതുമൂലം ഉണക്കത്തിനു പരിഹാരം ഉണ്ടാക്കി കിട്ടണം എന്നൊക്കെ അപേക്ഷിച്ചിട്ടുള്ളതു് ഒരു സഹകരണമല്ലെ?

Mr. K. Balakrishna Menon *(Minister for Food and Education)*: I think it is not possible to give all answer to that.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഊരകം പാടത്തു് ഉദ്ദേശം പതിനായിരത്തിൽപരം പറയുള്ള കൃഷിക്കു രക്ഷകിട്ടാവുന്നവിധത്തിൽ വെള്ളം തിരിച്ചുകൊണ്ടുപോകുവാൻ വേണ്ട ഏർപ്പാടുചെയ്തതു് ഏതു സംഘടനയുടെ പ്രവർത്തകന്മാരാണെന്നറിയുമോ?

റാവുബഹദൂർ ടി. കെ. നായർ: ഏതു് സംഘടനയുടെ പ്രവർത്തകന്മാരാണെന്നുള്ളതൊന്നും അന്വേഷിച്ചിട്ടില്ല. രാവും പകലുമുള്ള പരിശ്രമത്തിന്റെ ഫലമായിട്ടു നാലുദിവസംകൊണ്ടു് ആ പുഴയിൽ ഒരു ബണ്ടു കെട്ടിയുണ്ടാക്കുവാൻ സാധിച്ചുവെന്നുള്ളതു് അഭിമാനിക്കാവുന്ന ഒരു സംഗതിയാണു്. അതുപോലെ ജനങ്ങൾ സഹകരിച്ചാൽ എന്തെല്ലാം ഉണ്ടാകുമെന്നുള്ളതിന്റെ ഒരു പ്രത്യക്ഷലക്ഷണമാണു് അതു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ആ ചിറയുടെ ഉത്തരവാദിത്വം ഏറ്റെടുത്തതു പ്രജാമണ്ഡലം പ്രസിഡണ്ടും, അതുപോലെയുള്ള ആളുകളുംകൂടി സഹകരിച്ചിട്ടാണെന്നു് അറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെയാണെങ്കിൽ ആ പ്രജാമണ്ഡലം പ്രസിഡണ്ടിനു നന്ദിപറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: അതു് അറിയാതെകണ്ടു് യാതൊരു സഹകരണവും ഉണ്ടായിട്ടില്ലെന്നു പറയുന്നതു ശരിയാണോയെന്നാണു് ചോദിക്കുന്നതു്?

Mr. K. Balakrishna Menon *(Minister for Food and Education)*: It has never been brought to the notice of the Government that it was at the instance of the Prajamandal President or its workers who were putting up the chira.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഉരകം പാടത്തു പതിനായിരംപറ കൃഷിക്കു വെള്ളം നനയ്ക്കുവാൻവേണ്ടി പ്രജാമണ്ഡലം പ്രസിഡണ്ടു സൌജന്യബുദ്ധിയോടുകൂടി കാർഷിക രക്ഷ നൽകണമെന്നുദ്ദേശിച്ചു് ഒരു പൈ എങ്കിലും ചിലവാക്കീട്ടുള്ളതായി പറയാമോ?

റാവുബഹദൂർ ടി. കെ. നായർ: ഗവൺമെണ്ടിന്റെ അറിവിലില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ആ ചിറയുണ്ടാക്കുന്നതിനുവേണ്ടി ഗവൺമെണ്ടിനു് എന്തെങ്കിലും സംഖ്യ ചിലവായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ചിലവായിട്ടുണ്ടു്?

റാവുബഹദൂർ ടി കെ. നായർ: അതു വളരെ ദ്രുതഗതിയിൽ ചെയ്യേണ്ടതായി വന്ന ഒരു പണിയായതുകൊണ്ടു് ഉദ്ദേശം നാലായിരത്തോളം ഉറുപ്പിക ചിലവു വന്നിട്ടുണ്ടായിരിക്കണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ആ ചിറയുണ്ടാക്കുവാൻ പ്രധാനമായി പ്രവൃത്തിയെടുത്തതു് ഈ നാട്ടിലെ തൊഴിലാളിവർഗ്ഗമാണെന്നറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: അറിയാം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ആ പണി നടത്തിക്കുവാൻ വേണ്ടി എതെങ്കിലും പ്രജാമണ്ഡലം പ്രസിഡണ്ടുമാർ എവിടെയെങ്കിലും പ്രസംഗിച്ചിട്ടുള്ളതായി അറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ല. (ചിരി)

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആറാട്ടുപുഴ ചിറ കെട്ടാൻ വേണ്ടുമ്മതല ഏറെടുത്തതു അവിടത്തെ എസ്സ്. എൻ. ഡി. പി പ്രസിഡണ്ടാണെന്നുള്ള സംഗതി ഗവൺമെണ്ടിന്നറിയാമോ?

Mr. President: Much noice emanates from the Visitors' gallery. It would be very helpful if they do not make any noise. It may be in appreciation of what is taking place here, it is true.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: പിപ്പിൾസ്സ് കോൺഗ്രസ്സിലെ പ്രവർത്തകന്മാരിൽ ആരെങ്കിലും ഇതിന്നുവേണ്ടുന്ന സഹായം ചെയ്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഈ അപകടഘട്ടത്തിൽ എതെല്ലാം പൊളിറ്റിക്കൽ പാർട്ടിസ്സ് പങ്കെടുത്തിട്ടുണ്ടെന്നുള്ളതിനെപ്പറ്റി ഗവൺമെണ്ടു നോക്കീട്ടില്ല.

Mr. President: Order, the question has been sufficiently answered. We have taken up much time. Next question.

SHORT NOTICE QUESTION NO. 3

Mr. V. R. Krishnan Ezhuthassan *(Urakam):* Will Government be pleased to state.—

(*a*) are the Government aware of the Madras Government's decision to raise the price of paddy;

(*b*) what is the additional benefit that accrues to the seller of paddy in Madras;

(*c*) has there been a corresponding increase in the selling price of rice also in Madras;

(*d*) do the Government propose to increase prices here also in the same way as in Madras?

Mr. K. Balakrishna Menon *(Minister for Food and Education):*

(*a*) Yes, it is reported in news papers.

(*b*) Rs. 1—6—0 per imperial maund of paddy (82 2/7 lbs.).

(*c*) Yes.

(*d*) The matter is under consideration.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഈ വിഷയത്തെപ്പറ്റി കേന്ദ്രഗവൺമെണ്ടു് എതെങ്കിലും തീരുമാനം ചെയ്തിട്ടുണ്ടെന്നു ഗവൺമെണ്ടിന്നറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: ഒഫിഷ്യൽ നോട്ടിഫിക്കേഷനിലൊന്നും കണ്ടിട്ടില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: എതെങ്കിലും പത്രത്തിൽ കണ്ടിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: എന്തോ ചിലതുണ്ടെന്നു പറയുന്നുണ്ടു്. അതു് എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഇതിനെ സംബന്ധിച്ചു ന്യൂഡൽഹിയിൽ വെച്ചുകൂടിയിരുന്ന ജനപ്രതിനിധി കോൺഗ്രസ്സിൽ എതെങ്കിലും തീരുമാനം ചെയ്തിട്ടുള്ളതായി ഗവൺമെണ്ടിന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly